# മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560
ഫോൺ:0481–2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 13**

---

## നിർമലം എം.ജി.യു; ഗ്രീൻ ലാബ് ഉത്പന്നങ്ങളുടെ പ്രദർശനം ഇന്നു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ നിർമലം എം.ജി.യു ഗ്രീൻ പ്രോട്ടോക്കോൾ കർമപരിപാടികളുടെ ഭാഗമായുള്ള ഗ്രീൻ ലാബ് ഉത്പന്നങ്ങളുടെ പ്രദർശനം ഇന്നും നാളെയും( മാർച്ച് 14,15) സർവകലാശാലാ കാമ്പസിലെ അഷ്ടദളത്തിൽ നടക്കും. ഇന്നു(മാർച്ച് 14) രാവിലെ പത്തിന് വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും.

സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം മിഷന്റെ മാതൃക പിന്തുടർന്നാണ് സർവകലാശാലയിൽ നിർമലം എം.ജി.യു പദ്ധതിക്ക് തുടക്കം കുറിച്ചത്. മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടികളായിരുന്നു ആദ്യ പടി. കാമ്പസിൽ മാലിന്യ സംസ്കരണം, ശുചിത്വം, കൃഷി, സംരംഭകത്വം എന്നിവയുടെ പുതു സാധ്യതകളിലേക്ക് വാതിൽ തുറന്ന പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ ഉത്പന്നങ്ങളാണ് പ്രദർശനത്തിനുള്ളത്.

എയ്റോബിക് കമ്പോസ്സ്റ്റ് യൂണിറ്റുകളിൽനിന്നുള്ള കമ്പോസ്റ്റ് നിറച്ച പ്ലാന്റ് നൗ പോട്ടുകൾ, പോട്ടിംഗ് മിക്സ്ചർ, ചെടികൾ മുളപ്പിക്കുന്നതിന് മണ്ണിനു പകരം ഉപയോഗിക്കാവുന്ന പ്രകൃതിദത്തമായ കൊക്കോ പീറ്റ് കംപോസ്റ്റ്, സങ്കരയിനം പച്ചക്കറി തൈകൾ, വിത്തുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

നിർമലം എംജിയു പദ്ധതിയുടെ ഭാഗമായി നിലവിൽ നാല് കംപോസ്റ്റ് യൂണിറ്റുകൾ കാമ്പസിൽ പ്രവർത്തിക്കുന്നുണ്ട്. ഭക്ഷണാവശിഷ്ടങ്ങൾ മൂല്യ വർധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനു പുറമെ ഉണങ്ങിയ ഇലകൾ ഷ്രെഡ് ചെയ്ത് ഉപയോഗിച്ച് മണ്ണ് ആവശ്യമില്ലാത്ത കൃഷിരീതി പരിപരിചയപ്പെടുത്താനും സർവകലാശാലയ്ക്ക് സാധിച്ചു.

(പി.ആർ.ഒ/39/294/2023)

## മുൻ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടൽ വേണം - ശിൽപ്പശാല

ഗൾഫ് രാജ്യങ്ങളിൽനിന്ന് പ്രവാസം അവസാനിപ്പിച്ച് നാട്ടിലെത്തിയവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മക ഇടപെടൽ വേണമെന്ന് മഹാത്മാ ഗാന്ധിസർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് കൊടുങ്ങല്ലൂരിൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ പങ്കെടുത്തവർ ആവശ്യപ്പെട്ടു.

പ്രവാസത്തിനു ശേഷം നാട്ടിൽ താമസിക്കുന്നവരിൽ പലരും സാമ്പത്തികവും ശാരീരികവും സാമൂഹികവുമായ പ്രശ്നങ്ങൾ നേരിടുന്നതായി ശിൽപ്പശാല വിലയിരുത്തി. ദീർഘനാൾ പ്രവാസ ജീവിതം നയിച്ചിവർ അനുഭവങ്ങൾ പങ്കുവച്ചു.

സാമൂഹിക ശാസ്ത്ര പഠനകേന്ദ്രം ഡയറക്ടർ ഡോ. കെ.എം. സീതി, നൂറുദീൻ, ഡോ. അജയ്, സുദീപ്, തൽഹത് തുടങ്ങിയവർ ശിലാശാലയ്ക്ക് നേതൃത്വം നൽകി.
(പി.ആർ.ഒ/39/295/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോ സ്റ്റാറ്റിസ്റ്റിക്സ്(റെഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് ജൂലൈ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 28 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................

2022 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി സ്പേസ് സയൻസ്, എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ്(2021 അഡ്മിഷൻ പി.ജി.സി.എസ്.എസ് റെഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യ നിർണയത്തിനും നിശ്ചിത ഫീസ് അടച്ച് മാർച്ച് 24 വരെ അപേക്ഷ നൽകാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/296/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**